# ST. GREGORIOS ORTHODOX CHURCH

**P. O. BOX: 2229, SHARJAH - U.A.E.**


02/08/2024

## അപേക്ഷകൾക്ഷണിക്കുന്നു

**H. G JOB MAR PHILOXENOS MEMORIAL ENDOWMENT AND EDUCATIONAL AWARD**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഡൽഹി ഭദ്രാസനത്തിൽ, മലങ്കരയിലെ പ്രഥമ പ്രഖ്യാപിത **പരിശുദ്ധനും, പുണ്യവാനുമായ** പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമധേയത്തിൽ **1978–ൽ** ഷാർജയിൽ സ്ഥാപിതമായി, **ആ പുണ്യ** പിതാവിന്റെ തിരുശേഷിപ്പിന്റെ സാന്നിദ്ധ്യം കൊണ്ട് ഈ മരുഭൂയിൽ ദിവ്യചൈതന്യം **പകർന്നുകൊണ്ടിരിക്കുന്ന ഷാർജ** സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയെ ഇന്നയോളം **നിലനിർത്തി** കാത്ത് പരിപാലിച്ച പരമ കാരുണ്യവാനായ ദൈവത്തിനു സ്തുതി അർപ്പിക്കുന്നു.

ഈ ഇടവകയയെ വളരെയധികം സ്നേഹിക്കുകയും വാത്സല്ല്യത്തോടും കരുതലോടും ഇരുപത് വർഷക്കാലം നയിക്കുകയും ചെയ്ത മലങ്കര ഓർത്തഡോക്സ് സഭയുടെ ഡൽഹി ഭദ്രാസനാധിപനും, പ്രഗത്ഭനായ അദ്ധ്യാപകനും, ആംഗ്ലേയ ഭാഷാപണ്ഡിതനുമായ കാലംചെയ്ത അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ്സ് തിരുമേനിയുടെ പാവനസ്മരണക്കായി **"മരുഭൂമിയിലെ പരുമലയായി"** അറിയപ്പെടുന്ന ഷാർജ ഇടവക **"അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ്സ് മെമ്മോറിയൽ എൻഡോവ്മെൻറ് ആൻഡ് എഡ്യൂക്കേഷണൽ അവാർഡ്"**എന്ന പേരിൽ 2012–ൽ ആണ് ഈ വിദ്യാഭ്യാസ അവാർഡ് ആരംഭിച്ചത്.

കാതോലിക്കേറ്റ് പുന:സ്ഥാപിതമായതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഇടവകതല സമാപന പൊതുസമ്മേളനത്തിൽവച്ച് മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ **കാലംചെയ്ത** പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അനുഗ്രഹിച്ച് ആശീർവദിച്ച് ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. യൂഹാനോൻ മാർ ദിമത്രിയോസ് തിരുമനസ്സുകൊണ്ട് ആദ്യ അവാർഡ് ജേതാക്കൾക്ക് അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ്സ് തിരുമേനിയുടെ പേരിലുള്ള ഷീൽഡും, 25,000.00 (ഇരുപത്തയ്യായിരം) ഇൻഡ്യൻ രൂപയും, മെറിറ്റ് സർട്ടിഫിക്കേറ്റും **നൽകുകയുണ്ടായി.**

പ്രസ്തുത അവാർഡിന്റെ 2024–ലെ ജേതാക്കളെ കണ്ടെത്തുന്നതിലേക്കായി, യു.എ.ഇ–യിലെ ഓർത്തഡോക്സ് ഇടവകകളിൽ അംഗത്വമുള്ള പിതാവ്/മാതാക്കളുടെ **മക്കൾ** ഏറ്റവും കൂടുതൽ മാർക്കു/ഗ്രേഡ് വാങ്ങി പത്താം ക്ലാസ്സ് **(ICSE/CBSE/KERALA)** ബോർഡ് (യു.എ.ഇ/ഇൻഡ്യ) പരീക്ഷയിൽ ജയിക്കുന്ന, താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയരായിട്ടുള്ള വിദ്യാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു.

**Rev. Fr. Dr. Adv. Shaji George**
**(Vicar)**


**Office Tel: +971 6 5669622 • +971 6 5661765 •**
**Website : www.gulfparumala.com • E-mail: gulfparumala@gmail.com**

അപേക്ഷകൾ 2024 September മാസം 30-ാം തീയതിക്കു മുമ്പായി താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ലഭിക്കത്തക്കവണ്ണം അയച്ചു തരികയോ, പള്ളി ഓഫീസിലോ, ബഹു. വികാരി അച്ചൻെറ കയ്യിലോ നൽകേണ്ടതാണ്.

**വിദ്യാഭ്യാസ അവാർഡിൻെറനിബന്ധനകൾ**

1. അഭി. ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെൻറ് & വിദ്യാഭ്യാസ അവാർഡ് എന്നായിരിക്കും ഈ അവാർഡിൻെറ പേര്.
2. അഭിവന്ദ്യ തിരുമേനിയുടെ പേരിലുള്ള ഷീൽഡും, ഇൻഡ്യൻ രൂപ 25,000.00 (ഇരുപത്തയ്യായിരം) വീതം ആയിരിക്കും അവാർഡ് തുക.
3. അതാത് വർഷങ്ങളിൽ മാർച്ച്/ ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന പത്താം ക്ലാസ്സ് **(ICSE,CBSE,KERALA)** എന്നീ സിലബസ്സുകളുടെ ബോർഡ് പരീക്ഷയിൽ (ഓരോ സിലബസ്സിലും ഒരാൾക്കുവീതം മൂന്നുപേർക്ക്), യു.എ.ഇ-യിലുള്ള ഓർത്തഡോക്സ് ഇടവകകളിൽ അംഗത്വമുള്ള പിതാവ്/മാതാക്കളുടെ ഏറ്റവും കൂടുതൽ മാർക്കു/ഗ്രേഡ്വാങ്ങി ജയിക്കുന്ന മക്കൾക്ക് അവാർഡ് നൽകുന്നതാണ്.
4. ഈ അവാർഡ് യു.എ.ഇ-യിലും ഇൻഡ്യയിലും മേൽ **പറഞ്ഞിരിക്കുന്ന** സിലബസ്സുകളിൽ പഠിച്ച വിദ്യാർത്ഥികൾക്ക് ബാധകമാണ്.
5. എല്ലാ വിഷയങ്ങൾക്കും എഴുപത് (70%) ശതമാനം മാർക്കിൽ (B1/B+ ഗ്രേഡിൽ) കൂടുതൽ ഉണ്ടായിരിക്കുന്ന വിദ്യാർത്ഥികൾക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്.
6. അവാർഡിന് അർഹതയുള്ളവർ ഷാർജ പള്ളി ആഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷഫാറം (അപേക്ഷ ഫാറം പള്ളിയുടെ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്) പൂരിപ്പിച്ച് ഷാർജ ഇടവക പരസ്യപ്പെടുത്തുന്ന തീയതിക്കുള്ളിൽ ബഹു. ഷാർജ ഇടവക വികാരിയെ ഏൽപ്പിക്കേണ്ടതാണ്.
7. വിദ്യാർത്ഥികളുടെ ഗ്രേഡ് സർട്ടിഫിക്കേറ്റ്/ റിസൽറ്റ്ഷീറ്റ്/ മാർക്ക്ലിസ്റ്റ് ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ തുടങ്ങിയവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയിരിക്കണം.
8. അവാർഡിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പിതാവ്/ മാതാവ് യു.എ.ഇ-യിലുള്ള ഓർത്തഡോക്സ് ഇടവകയിൽ അംഗമാണെന്നുള്ളതിന് യു.എ.ഇ-യിലുള്ള അതാതു ഇടവക ബഹു. വികാരിമാർ സാക്ഷിപ്പെടുത്തുന്ന കത്ത് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം.
9. <u>അവാർഡിന് ഒന്നിൽ കൂടുതൽ പേർ ഒരു വിഭാഗത്തിൽ തുല്ല്യത പാലിക്കുകയാണെങ്കിൽ, അവരുടെ സൺഡെസ്ക്കൂളിലുള്ള പാഠ്യ/ പാഠ്യേതര യോഗ്യതകൾ ഇൻറർവ്യൂ ബോർഡ് പരിശോധിക്കുന്നതാണ്.</u> അപേക്ഷകളിൻമേലുള്ള അന്തിമതീരുമാനം ഷാർജ ഇടവക മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

ഷാർജ സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയ്ക്കുവേണ്ടി

**Rev. Fr. Dr. Adv. Shaji George**
**(വികാരി / പ്രസിഡൻറ്)**

**Rev. Fr. Gijo Thomas Rajan** (സഹവികാരി)

**Thomas Tharakan M.O** (ഇടവക ട്രസ്റ്റി)

**Binu Mathew** (ഇടവക സെക്രട്ടറി)

**<u>അപേക്ഷ അയക്കേണ്ടവിലാസം.</u>**

THE VICAR

P. O. Box : 2229, Sharjah, U.A.E

**Office Tel: +971 6 5669622; +971 6 5661765**
**Website: www.gulfparumala.com E-mail: gulfparumala@gmail.com**